**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 802** **12-06-2024 - ൽ മറുപടിയ്ക്ക്**

**ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി നൽകും എന്ന വാഗ്ദാനം നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി നൽകുമെന്ന തീരുമാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല. എല്ലാവർക്കും ഒരേക്കർ വീതം ഭൂമി നൽകുവാനുള്ള റവന്യൂ ഭൂമിയുടെ കുറവാണ് പ്രധാന കാരണം. എങ്കിലും ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി പരമാവധി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂരഹിതർക്ക് റവന്യൂ ഭൂമി ലഭ്യമാക്കി പട്ടയം നൽകുന്നതിനുള്ള നടപടികളും, വനാവകാശ നിയമപ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖ നൽകുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.<br><br>ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഇതുവരെ 41340 പേർക്കായി 51562.57 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഭൂമി നൽകുന്നതിനായി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ? | (ബി) | ഉണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി പതിച്ച് നൽകുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ജില്ലാതലത്തിൽ ബെനിഫിഷറി ഐഡന്റിഫിക്കേഷൻ കമ്മിറ്റി അംഗീകരിച്ചിട്ടുള്ള ലിസ്റ്റിൽ നിന്നുമാണ്. |

സെക്ഷൻ ഓഫീസർ